"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-14-09-2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്- 'ഋതുമതികളായ വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണവും ബോധവൽക്കരണവും' പദ്ധതിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.1989/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 13/10/2021

പരാമർശം:-
1. ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.09.2021 ലെ കത്ത്
2. 14.09.2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.81-ാം നമ്പർ തീരുമാനം

ഉത്തരവ്

ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച 'ഋതുമതികളായ വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണവും ബോധവൽക്കരണവും' എന്ന പദ്ധതിയിൽ, സംസ്കരിക്കാൻ ബുദ്ധിമുട്ടുള്ള സാനിറ്ററി നാപ്കിനുകൾക്ക് പകരം കഴുകി വൃത്തിയാക്കി ഉപയോഗിക്കാൻ കഴിയുന്ന മെൻസ്ട്രുവൽ കപ്പ് വിതരണം ചെയ്യുന്നതോടൊപ്പം ഇതിന്റെ ഉപയോഗം സംബന്ധിച്ച ബോധവൽക്കരണം നടത്താനും ഉദ്ദേശിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ആറു ഗ്രാമപഞ്ചായത്തുകളിലാണ് പ്രോജക്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം ലഭിച്ചതാണെങ്കിലും പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുന്നതല്ല എന്നതിനാൽ കോഓർഡിനേഷൻ സമിതിയുടെ അംഗീകാരം ലഭ്യമാക്കണമെന്ന പരാമർശം (1) പ്രകാരമുള്ള അപേക്ഷ പരിഗണിച്ച് പരാമർശം (2) പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ച മേൽ വിവരിച്ച സാഹചര്യത്തിൽ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച 'ഋതുമതികളായ വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണവും ബോധവൽക്കരണവും' എന്ന പദ്ധതിയ്ക്ക് (പ്രോ.നം. 12/22, അടങ്കൽ തുക - 5,00,000/-രൂപ) അനുമതി നൽകുന്നു. ഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട ആശുപത്രിയുടെ (CHC) മെഡിക്കൽ ഓഫീസറായിരിക്കണം. ഒരു ആരോഗ്യ വിദഗ്ധന്റെ കൂടി സഹകരണത്തോടെ ആവശ്യമായ ബോധവത്ക്കരണം നടത്തിവേണം അനുയോജ്യമായ ഉപകരണം നൽകേണ്ടത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

ജില്ലാ പ്ലാനിംഗ് ഓഫീസർ, ആലപ്പുഴ

പ്രസിഡണ്ട്/സെക്രട്ടറി, ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 16-10-2021 11:20:53
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്